**കേരള സർക്കാർ**
**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**
**ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,**
**വെബ്സൈറ്റ്: www.prd.kerala.gov.in**

---

**പത്രക്കുറിപ്പ് 4 'ഭരണഭാഷ-മാതൃഭാഷ' 2019 ഓഗസ്റ്റ് 11 ഞായർ**

പി.ആർ.ഡി. പ്രത്യേക പത്രക്കുറിപ്പ്

## ദുരിതമനുഭവിക്കുന്ന മലബാറിന് അമ്പലപ്പുഴയുടെ ആദ്യ സഹായം

ആലപ്പുഴ:പ്രളയക്കെടുതിയിൽ ദുരിതമനുഭവിക്കുന്ന മലബാറിന് ആലപ്പുഴയുടെ ആദ്യ സഹായം. കക്ഷിരാഷ്ട്രീയ ഭേദമന്യേ സമാഹരിച്ച നാല് ലക്ഷത്തോളം രൂപയുടെ സഹായവുമായി ആദ്യ വാഹനം ഞായറാഴ്ച വൈകിട്ട് അമ്പലപ്പുഴ വളഞ്ഞ വഴിയിൽ നിന്ന് മലബാറിലേക്ക് പുറപ്പെട്ടു.കഴിഞ്ഞ വർഷം പ്രളയ ദുരിതമനുഭവിച്ച ആലപ്പുഴക്ക് ഏറ്റവും കൂടുതൽ സഹായം ലഭിച്ചിരുന്നത് മലബാർ മേഖലയിൽ നിന്നായിരുന്നു.ഇത്തവണ കാലവർഷം കലിതുള്ളിയപ്പോൾ ഏറ്റവും കൂടുതൽ ദുരിതമുണ്ടായ മലബാറിനെ കൈയും മെയ്യും മറന്ന് ആലപ്പുഴയിൽ നിന്നുള്ള ആദ്യ സഹായമാണ് ഞായറാഴ്ച പുറപ്പെട്ടത്. 5000 ലിറ്റർ കുടിവെള്ളം, വസ്ത്രം, അരി ഉൾപ്പെടെയുള്ള പലചരക്ക് സാധനങ്ങൾ, പച്ചക്കറി, ബിസ്ക്കറ്റ്, പായ, കുട്ടികൾക്കുള്ള വസ്ത്രങ്ങൾ തുടങ്ങിയവയാണ് നിലമ്പൂരിലെ വിവിധ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് കൈമാറുന്നത്.ശനിയാഴ്ച മുതൽ വിവിധ സ്ഥലങ്ങളിൽ നിന്ന് ശേഖരിച്ച സാധനങ്ങളുമായാണ് ആദ്യ വാഹനം പുറപ്പെട്ടത്. വൈകിട്ട് വളഞ്ഞ വഴിയിൽ നടന്ന ചടങ്ങിൽ പൊതുമരാമത്ത് മന്ത്രി ജി.സുധാകരൻ ഫ്ലാഗ് ഓഫ് നിർവഹിച്ചു.എച്ച്.സലാം അധ്യക്ഷത വഹിച്ചു. അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.എം.ജുനൈദ്, യു.എം.കബീർ, സഫീർ പീടിയേക്കൽ എന്നിവർ പ്രസംഗിച്ചു.ദുരിതാശ്വാസ ക്യാമ്പുകളുടെ പട്ടിക ആലപ്പുഴ ജില്ലാ കളക്ട്രേറ്റിൽ നിന്ന് നൽകിയിട്ടുണ്ട്.

## കുട്ടനാട് താലൂക്കിൽ നിന്ന് മാറ്റിപ്പാർപ്പിച്ചത് 248 കുടുംബങ്ങളെ

ആലപ്പുഴ:കുട്ടനാട് താലൂക്കിലെ മീനപ്പള്ളി, കനകാശ്ശേരി. വലിയകരി എന്നീ പാടശ്ശേഖരങ്ങളിൽ മടവീണതുമൂലം പ്രളയക്കെടുതി അനുഭവിക്കുന്ന 248 കുടുംബങ്ങളിലായി 1080 പേരെ അമ്പലപ്പുഴ താലൂക്കിലെ എസ്.ഡി.വി.ജെ.ബി.എസ്, എസ്.ഡി.വി.ബോയ്സ് ഹൈസ്കൂൾ എന്നീ ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്ക് മാറ്റിപാർപ്പിച്ചു. ഒഴിപ്പിക്കൽ നടപടി ഉച്ചയ്ക്ക് 12 മണിക്ക് അവസാനിച്ചു.

## കൃഷിമന്ത്രിയുടെയും ധനമന്ത്രിയുടെയും സാന്നിധ്യത്തിൽ യോഗം വിളിക്കും-മന്ത്രി സുധാകരൻ

ആലപ്പുഴ:കുട്ടനാട്ടിലെ കൃഷിചെയ്യാതെ കിടക്കുന്ന പാടശേഖരങ്ങളിൽ നിർബന്ധമായും രണ്ടാം കൃഷി ചെയ്യണമെന്ന സർക്കാർ നയം പാലിക്കപ്പെടാതെ പോകുന്നത് സംബന്ധിച്ച് കൃഷിമന്ത്രിയുടെയും ധനമന്ത്രിയുടെയും സാന്നിധ്യത്തിൽ യോഗം വിളിച്ച് ചർച്ച ചെയ്യുമെന്ന് പൊതുമരാമത്ത് മന്ത്രി ജി.സുധാകരൻ. കുട്ടനാട്ടിലെ മഴക്കെടുതിയുടെ പശ്ചാത്തലത്തിൽ കുട്ടനാട് എം.എൽ.എ തോമസ്ചാണ്ടിയുടെ ഓഫീസിൽ വച്ച് നടന്ന കുട്ടനാട്ടിലെ പഞ്ചായത്ത്, ബ്ലോക്ക പഞ്ചായത്ത് പ്രസിഡന്റുമാരുടെ അടിയന്തിര യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.കൃഷി ചെയ്യാതെ നിലങ്ങൾ ഇടുന്നത് വെള്ളപ്പൊക്കത്തിന് കാരണമാകുന്നു. പ്രത്യേകിച്ചും റോഡ് വെള്ളക്കെട്ടാകുന്നത് ഇതുമൂലം കൂടിയാണ്. പാടശേഖരസമിതികൾ പലതും വേണ്ട പോലെ പ്രവർത്തിക്കുന്നില്ലെന്നും അദ്ദേഹം പറഞ്ഞു. കുടിവെള്ള ക്ഷാമമുള്ളസ്ഥലങ്ങളിൽ വെള്ളം എത്തിക്കുന്നതിന് പഞ്ചായത്തിന് അനുമതി നൽകിയിട്ടുണ്ട്. പണം ജില്ലാ കളക്ടറുടെ ഫണ്ടിൽ നിന്ന് നൽകും. തോട്ടപ്പള്ളി സ്പിൽവെയുടെ കിഴക്ക് ഭാഗത്ത് നീരൊഴുക്ക് തടസ്സപ്പെടുത്തുന്ന വിധത്തിൽ ഇരു കരകളിലും മണ്ണ് അടിഞ്ഞ് ഷട്ടറുകൾ എല്ലാം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. ഇറിഗേഷൻ വകുപ്പുമായി ചർച്ച ചെയ്ത് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു. കുടിവെള്ളം ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ ടാങ്കറുകളിൽ കുടിവെള്ള വിതരണം നടത്തുന്നതിന് പഞ്ചായത്തിന് നിർദ്ദേശം നൽകി. മടവീണ പാടശേഖരങ്ങളിലെ ബണ്ട് ബലപ്പെടുത്തുന്നതിനും ടി സ്ഥലത്ത വെള്ളം മോട്ടോർ പമ്പുകൾ ഉപയോഗിച്ച് വറ്റിക്കുന്നതിനും പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ ഓഫീസർ മുഖാന്തിരം അടിയന്തിര സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചതായും മന്ത്രി പറഞ്ഞു.

## മോട്ടോർ വാഹനങ്ങൾ കുട്ടനാട്ടിലെ പാലങ്ങളിൽ പാർക്ക് ചെയ്യരുത്

ആലപ്പുഴ:കുട്ടനാട്ടിലെ പ്രളയബാധിത മേഖലകളിൽ ജലനിരപ്പ് വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ മോട്ടോർ വാഹനങ്ങൾ പാലങ്ങളിൽ പാർക്ക് ചെയ്യുന്ന പ്രവണത രക്ഷാ പ്രവർത്തകർക്കും കന്നുകാലികൾക്ക് ഷെൽട്ടർ കെട്ടി അവയെ സംരക്ഷിക്കാനുള്ള സാഹചര്യവും ഒരുക്കുന്നതിന് അസൌകര്യമാകുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. വാഹനങ്ങൾ പാലങ്ങളിൽ പാർക്ക് ചെയ്യുന്നത് ഒഴിവാക്കിക്കൊണ്ട് സുരക്ഷിതമായ മറ്റ് സ്ഥലങ്ങളിൽ പാർക്ക് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തഹസീൽദാർ കുട്ടനാടിനും ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്തിനും നിർദ്ദേശം നൽകി.